പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1570 — 22.03.2013-ൽ മറുപടിയ്ക്ക്

## അറവുശാലകൾ നിർമ്മിക്കുന്നതിനായി ചെലവഴിച്ച തുക

| ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ | | ഉത്തരം<br>ശ്രീ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | നടപ്പു സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ അറവു ശാലകൾ നിർമ്മിക്കുന്നതിനായി എത്ര തുക വകയിരുത്തുകയുണ്ടായി; | (എ) | 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ 5 കോടി രൂപ ഗ്രാമപഞ്ചായത്തുകൾക്ക് അറവുശാല നിർമ്മാണത്തിനു വേണ്ടി വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക പഞ്ചായത്തിന്റെ പദ്ധതി വിഹിതമായാണോ ഗവൺമെന്റ് ധനസഹായമായാണോ ഉൾപ്പെടുത്തിയിരിക്കുന്നതെന്നു വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത തുക ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ ധനസഹായമായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) | ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പുസാമ്പത്തികവർഷം ഈ പദ്ധതിക്ക് ഡി.പി.സി അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കുമോ; | (സി) | 2012-13 വർഷത്തിൽ അറവുശാല നിർമ്മാണ ധനസഹായത്തിന് തെരഞ്ഞെടുത്ത 10 ഗ്രാമപഞ്ചായത്തുകളിൽ കോട്ടയം ജില്ലയിലെ എലികുളം, പത്തനംതിട്ട ജില്ലയിലെ പന്തളം-തെക്കേക്കര എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ഡി) | അറവുശാല നിർമ്മാണത്തിന് എത്ര തുക ചെലവഴിക്കുവാനാണ് അനുമതി നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ? | (ഡി) | അറവുശാല നിർമ്മാണത്തിനു വേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റിനനുസൃതമായി തുക വിനിയോഗിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളിൽ അറവുശാല നിർമ്മാണത്തിന് ഓരോ ഗ്രാമപഞ്ചായത്തിനും 20 ലക്ഷം രൂപ സർക്കാർ ധനസഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ